**“Rathrimazha – Sugathakumari**

**രാത്രിമഴ – സുഗതകുമാരി”**





# രാത്രിമഴ,ചുമ്മാതെ
# കേണും ചിരിച്ചും
# വിതുമ്പിയും നിര്ത്താതെ
# പിറുപിറുത്തും നീണ്ട

മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നോരു
യുവതിയാം ഭ്രാന്തിയെപ്പോലെ.

രാത്രിമഴ,മന്ദമീ-
യാശുപത്രിക്കുള്ളി-
ലൊരുനീണ്ട തേങ്ങലാ-
യൊഴുകിവന്നെത്തിയീ-
ക്കിളിവാതില്വിടവിലൂ-
ടേറേത്തണുത്തകൈ-
വിരല് നീട്ടിയെന്നെ –
തൊടുന്നൊരീ ശ്യാമയാം
ഇരവിന്റെ ഖിന്നയാം പുത്രി.

രാത്രിമഴ,നോവിന്
ഞരക്കങ്ങള് ഞെട്ടലുകള്,
തീക്ഷ്ണസ്വരങ്ങള്
പൊടുന്നനെയൊരമ്മതന്
ആര്ത്തനാദം!.........ഞാന്
നടുങ്ങിയെന് ചെവിപൊത്തി-

യെന് രോഗശയ്യയി-
ലുരുണ്ടു തേങ്ങുമ്പോഴീ-
യന്ധകാരത്തിലൂ-
ടാശ്വാസ വാക്കുമാ-
യെത്തുന്ന പ്രിയജനം പോലെ.

ആരോ പറഞ്ഞു
മുറിച്ചു മാറ്റാം കേടു-
ബാധിച്ചോരവയവം;
പക്ഷെ,കൊടും കേടു
ബാധിച്ച പാവം മനസ്സോ?

രാത്രിമഴ,പണ്ടെന്റെ
സൗഭാഗ്യരാത്രികളി-
ലെന്നെച്ചിരിപ്പിച്ച
കുളിര്കോരിയണിയിച്ച,
വെണ്ണിലാവേക്കാള്
പ്രിയംതന്നുറക്കിയോ-
രന്നത്തെയെന് പ്രേമസാക്ഷി.

രാത്രിമഴ,-ഇന്നെന്റെ
രോഗോഷ്ണശയ്യയില്,
വിനിദ്രയാമങ്ങളി-
ലിരുട്ടില് തനിച്ചു കര-
യാനും മറന്നു ഞാ-
നുഴലവേ,ശിലപോലെ-
യുറയവേ ദുഃഖസാക്ഷി.

രാത്രിമഴയോടു ഞാന്
പറയട്ടെ,നിന്റെ
ശോകാര്ദ്രമാം സംഗീത-
മറിയുന്നു ഞാന്;നിന്റെ-
യലിവും അമര്ത്തുന്ന
രോഷവും,ഇരുട്ടത്തു
വരവും,തനിച്ചുള്ള
തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോള്
മുഖം തുടച്ചുള്ള നിന്
ചിരിയും തിടുക്കവും

**നാട്യവും ഞാനറിയും;**
**അറിയുന്നതെന്തുകൊ-**
**ണ്ടെന്നോ?സഖീ,ഞാനു-**
**മിതുപോലെ, രാത്രിമഴപോലെ.**

